**15 -ാം കേരള നിയമസഭ**

**10 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2903** **14-02-2024 - ൽ മറുപടിയ്ക്ക്**

**നെയ്യാറ്റിൻകര മണ്ഡലത്തിലെ അംബേദ്കർ ഗ്രാമം പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. കെ. ആൻസലൻ** | | **ശ്രീ. കെ. രാധാകൃഷ്ണൻ (പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി)** | |
| (എ) | നെയ്യാറ്റിൻകര മണ്ഡലത്തിൽ അംബേദ്കർ ഗ്രാമം പദ്ധതിയിലുൾപ്പെടുത്തി 2016-17 മുതൽ 2022-23 വരെ ഫണ്ട് അനുവദിച്ച പട്ടികജാതി കോളനികൾ ഏതൊക്കെയാണെന്നും ഓരോ കോളനിക്കും അനുവദിച്ച തുക എത്രയാണെന്നും വിശദമാക്കുമോ; | (എ) | നെയ്യാറ്റിൻകര മണ്ഡലത്തിൽ അംബേദ്കർ ഗ്രാമ വികസന പദ്ധതിയിലുൾപ്പെടുത്തി 2016-17 വർഷത്തിൽ ഭാസ്കർനഗർ കോളനി, പൂഴിക്കുന്ന് പനവിളാകം കോളനി എന്നിവയും 2019-20 വർഷത്തിൽ വെട്ടുവിള കോളനിയും 2020-21 വർഷത്തിൽ അറയൂർ മച്ചിംഗവിളാകം കോളനിയും 2021-22 വർഷത്തിൽ ആര്യശാല മുകളിൽ വിള, ഉള്ളൂർക്കോണം എന്നിവയും തെരഞ്ഞെടുക്കപ്പെട്ടിട്ടുണ്ട്. ഭാസ്കർനഗർ കോളനി, പൂഴിക്കുന്ന് പനവിളാകം കോളനി എന്നീ കോളനികൾക്ക് 80,00,000/- രൂപ വീതം അനുവദിച്ചിട്ടുണ്ട്. |
| (ബി) | പ്രസ്തുത കോളനികളിലെ നവീകരണ പ്രവൃത്തികളുടെ നിലവിലെ സ്ഥിതി വിശദമാക്കാമോ; ഏതൊക്കെ കോളനികളുടെ നവീകരണ പ്രവൃത്തികളാണ് പൂർത്തീകരിച്ചതെന്ന് വ്യക്തമാക്കുമോ? | (ബി) | ഭാസ്കർനഗർ കോളനിയിൽ 95% പ്രവൃത്തികൾ പൂർത്തീകരിച്ചു. പൂഴിക്കുന്ന് കോളനിയിൽ പദ്ധതി പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ